**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2289** **13-09-2023 - ൽ മറുപടിയ്ക്ക്**

**ഹൃദ്യം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഹൃദ്യം പദ്ധതിക്ക് വേണ്ടി ഏതൊക്കെ ആശുപത്രികൾക്ക് എത്ര രൂപ വീതമാണ് കൊടുത്തതെന്നുള്ളതിന്റെ കണക്കുകൾ ലഭ്യമാക്കാമോ; | (എ) | **1. ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് & ടെക്നോളജി, തിരുവനന്തപുരം - Rs. 1,48,14,448/-**<br><br>**2. ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോട്ടയം - Rs. 25,65,000/-**<br><br>**3. എസ്.എ.റ്റി ആശുപത്രി, തിരവനന്തപുരം - Rs. 2,14,84,971/-**<br><br>**4. ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോഴിക്കോട് - Rs. 5,95,000/-**<br><br>**5. ബിലീവേഴ്സ് ചർച്ച് ഹോസ്പിറ്റൽ, തിരുവല്ല – Rs. 3,70,46,010/-**<br><br>**6. അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, എറണാകുളം - Rs. 25,18,58,946/-**<br><br>**7. ലിസ്സി ഹോസ്പിറ്റൽ, എറണാകുളം - Rs. 11,28,64,680/-**<br><br>**8. ആസ്റ്റർ മെഡിസിറ്റി ആശുപത്രി, കൊച്ചി - Rs. 85,34,000/-**<br><br>**9. മിംസ് ആശുപത്രി, കോഴിക്കോട് - Rs. 13,52,22,190/-** |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരമുള്ള ചികിത്സ സർക്കാർ ആശുപത്രികളിൽ ഉണ്ടെന്നിരിക്കെ ഭൂരിഭാഗവും സ്വകാര്യ ആശുപത്രികളിലേക്ക് പോകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (ബി) | ഹൃദ്യം പദ്ധതിയിൽ 3 സർക്കാർ ആശുപത്രികളും 5 സ്വകാര്യ ആശുപത്രികളുമാണ് നിലവിൽ എംപാനൽ ചെയ്തിട്ടുള്ളത്. ഇതിൽ സർക്കാർ മേഖലയിൽ പീഡിയാട്രിക് കാർഡിയോളജിയിലും പീഡിയാട്രിക് കാർഡിയാക് സർജറിയിലും പ്രത്യേക സജ്ജീകരണങ്ങൾ ഉള്ളത് തിരുവനന്തപുരം എസ്.എ.റ്റി ആശുപത്രിയിൽ മാത്രമാണ്. ഒരു വർഷം 1000 (ആയിരം) ത്തിന് |

| | | | |
|---|---|---|---|
| | | | മുകളിൽ സർജ്ജറികളാണ് ഹൃദ്യം പദ്ധതി വഴി ലഭ്യമാക്കേണ്ടതായിട്ടുള്ളത്. കുട്ടിയ്ക്ക് ചികിത്സ നൽകുന്നതിനായി മുന്നോട്ട് വന്ന ആശുപത്രികളുടെ വിവരങ്ങൾ മാതാപിതാക്കളുമായി നേരിട്ട് പങ്ക് വെക്കുകയും തുടർന്ന് മാതാപിതാക്കൾ അവരുടെ യാത്ര സൗകര്യവും തുടർ ചികിത്സ തേടുന്ന സൗകര്യത്തിന്റെയും അടിസ്ഥാനത്തിൽ ആശുപത്രി തെരഞ്ഞെടുക്കുന്നു. തെരഞ്ഞെടുക്കുന്ന ആശുപത്രിയിൽ തങ്ങളുടെ കുട്ടിയുടെ ചികിത്സ തുടരാമെന്ന് സമ്മത പത്രം നൽകുകയും ചെയ്യുന്നു. മാതാപിതാക്കൾ തെരഞ്ഞെടുക്കുന്ന ആശുപത്രി ഏതാണോ ആ ആശുപത്രിയിലേയ്ക്ക് കേസ് സർജറിക്കോ ഇന്റർവെൻഷനോ ആയിട്ട് അനുവദിക്കുന്നു. ഇപ്രകാരമാണ് ഒരു കുട്ടിയെ ഏത് ആശുപത്രിയിലേക്ക് അയക്കേണ്ടത് എന്ന് തീരുമാനിക്കുന്ന നടപടി. സർക്കാർ മേഖലയിലുള്ള ആശുപത്രിയിൽ മൂന്നിൽ രണ്ട് ആശുപത്രികളും തെക്കൻ കേരളത്തിലാണുള്ളത്. വടക്കൻ ജില്ലകളിൽ നിന്നുള്ള ഗുരുതരമായ കേസുകളിൽ യാത്ര ദൈർഘ്യം കൂടി കണക്കിലെടുത്താണ് ആശുപത്രികളിൽ ചികിത്സ നിശ്ചയിക്കുന്നത്. |
| (സി) | ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസുമായി എത്ര വർഷം ആരോഗ്യ വകുപ്പ് ഹൃദ്യത്തിൽ എം.ഒ.യു. ഒപ്പിട്ടിരുന്നുവെന്നും ഏതൊക്കെ വർഷമായിരുന്നു അതെന്നും ഇത്തവണ എം.ഒ.യു. ഇല്ലാതിരിക്കാൻ കാരണമെന്താണെന്നും വ്യക്തമാക്കാമോ; | (സി) | ഹൃദ്യം പദ്ധതി ആരംഭിച്ചത് മുതൽ (2017 ആഗസ്റ്റ്) 2021-22 സാമ്പത്തിക വർഷം വരെ ശ്രീ ചിത്രാ ആശുപത്രി MOU ഒപ്പിട്ടിരുന്നു. 2022 മുതൽ MOU ശ്രീചിത്ര ആശുപത്രി പുതുക്കിയിട്ടില്ല. ഹൃദ്യം പദ്ധതിയുമായി ബന്ധപ്പെട്ട കരാർ മാനദണ്ഡങ്ങൾ ശ്രീചിത്ര ആശുപത്രി പൂർണമായി അംഗീകരിക്കാത്തതാണ് ഇതിനു കാരണം. ഇക്കാര്യത്തിൽ ശ്രീചിത്ര ആശുപത്രിയുമായിട്ടുള്ള ചർച്ചകൾ അന്തിമഘട്ടത്തിലാണ്. |
| (ഡി) | ശ്രീചിത്രയെ പദ്ധതിയിൽ ഉൾപ്പെടുത്താൻ എന്ത് നടപടിയെടുത്തുവെന്നും ശ്രീചിത്ര എന്നുമുതൽ ഹൃദ്യം പദ്ധതിയിലേക്ക് തിരിച്ചുവരുമെന്നും വ്യക്തമാക്കാമോ; | (ഡി) | ശ്രീചിത്ര ആശുപത്രിയുമായുള്ള കരാർ മാനദണ്ഡങ്ങളിലെ അഭിപ്രായ ഭിന്നത ചർച്ച ചെയ്ത് പരിഹരിക്കുന്നതിനായി മന്ത്രിതലത്തിൽ യോഗം ചേർന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. ആയതിന്റെ അടിസ്ഥാനത്തിൽ അഭിപ്രായ ഭിന്നത നിലനിൽക്കുന്ന വിഷയങ്ങൾ സൂചിപ്പിച്ച് കൊണ്ട് ശ്രീചിത്ര ആശുപത്രിക്ക് കത്ത് നൽകുകയും പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ ശ്രീചിത്ര ആശുപത്രി ഡയറക്ടർ ഉൾപ്പടെയുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം 10.08.2023 - ൽ ചേരുകയുമുണ്ടായി. ഹൃദ്യം പദ്ധതിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പൊതുജന താല്പര്യം മുൻനിർത്തി കരാർ വ്യവസ്ഥകളിൽ ആരോഗ്യ വകുപ്പ് ശ്രീചിത്ര ആശുപത്രിക്ക് വ്യക്തത നൽകിയിട്ടുണ്ട്. ഹൃദ്യം |

| | | | |
|---|---|---|---|
| | | | പദ്ധതിയുടെ MOU നിബന്ധനകളുമായി ശ്രീചിത്ര ആശുപത്രിയുമായി കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |
| (ഇ) | ഹൃദ്യം പദ്ധതി പ്രകാരം എത്ര കുട്ടികൾക്ക് ചികിൽസ കിട്ടിയെന്ന് വ്യക്തമാക്കാമോ; | (ഇ) | 6267 കുട്ടികൾക്ക് ചികിൽസ കിട്ടിയിട്ടുണ്ട്. |
| (എഫ്) | ഓരോ സ്വകാര്യ ആശുപത്രികളും എത്ര വീതം ശസ്ത്രക്രിയ ചെയ്തുവെന്ന് ശസ്ത്രക്രിയയുടെ മാത്രം കണക്ക് ലഭ്യമാക്കാമോ; | (എഫ്) | **1. ബിലീവേഴ്സ് ചർച്ച് ഹോസ്പിറ്റൽ, തിരുവല്ല – 307**<br>**2. അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, എറണാകുളം - 1841**<br>**3. ലിസ്സി ഹോസ്പിറ്റൽ, എറണാകുളം - 838**<br>**4. ആസ്റ്റർ മെഡിസിറ്റി ആശുപത്രി, കൊച്ചി - 90**<br>**5. മിംസ് ആശുപത്രി, കോഴിക്കോട് - 1139**<br>**ആകെ - 4215 എണ്ണം** |
| (ജി) | ശ്രീചിത്ര നിലിവിൽ പദ്ധതിയിൽ ഇല്ലെങ്കിലും വെബ്സൈറ്റിലെ ആദ്യത്തെ പേര് ശ്രീചിത്രയുടേതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (ജി) | ഹൃദ്യം പദ്ധതിയുടെ വെബ് സൈറ്റിൽ നാളിതുവരെ പദ്ധതിയിൽ എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള മുഴുവൻ ആശുപത്രികളുടെയും പേരുവിവരങ്ങളും മേൽ സ്ഥാപനങ്ങളിൽ നടന്നിട്ടുള്ള ശസ്ത്രക്രിയകളുടെ വിവരങ്ങളും പൊതുജനങ്ങൾക്ക് ലഭ്യമാണ്. ഈ പട്ടികയിൽ ശ്രീചിത്ര ആശുപത്രിയുടെ പേര് വിവരങ്ങളും ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ